# കേരള സർവകലാശാല

നം.പി.ആർ.135/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല നാലാം സെമസ്റ്റർ പി.ജി പ്രോജക്ട് സബ്മിഷനും, വൈവയും ഓൺലൈനായും ഓഫ്‌ലൈനായും ചെയ്യാം

കേരള സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ നാലാം സെമസ്റ്റർ പി.ജി പ്രോജക്ട് സബ്മിഷനും, വൈവയും ഓൺലൈനായോ ഓഫ്‌ലൈനായോ ചെയ്യാം. വിദ്യാർത്ഥികൾക്ക് ഏതെങ്കിലും ഒരു രീതി തെരഞ്ഞെടുക്കാവുന്നതാണ്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികളുടെ പ്രോജക്ട് സബ്മിഷൻ സുഗമമാക്കുന്നതിന് ഈ തീരുമാനം സഹായിക്കും. ഓൺലൈനായി സബ്മിഷൻ നടത്തുന്നവർ പി.ഡി.എഫ് ഫോർമാറ്റിൽ പ്രോജക്ട് റിപ്പോർട്ട് ഡിപ്പാർട്ട്മെന്റ് തലവൻ വഴി എക്സാമിനേഷൻ പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യണം. ഇതുമായി ബന്ധപ്പെട്ട പൊതുമാർഗ്ഗ നിർദേശങ്ങൾ കോളേജ് പ്രിൻസിപ്പാൾമാരെ സർവകലാശാല അറിയിക്കുന്നതാണ്. ഓഫ്‌ലൈനായി സമർപ്പിക്കുന്നവർ സർവകലാശാലയുടെ നിലവിലുള്ള രീതി തന്നെ തുടരേണ്ടതാണ്. വിദ്യാർത്ഥികളുടെ സൗകര്യം കണക്കിലെടുത്ത് ഇത്തരത്തിൽ ഒരു സംവിധാനം ഒരുക്കാൻ സർവകലാശാല തീരുമാനിക്കുകയായിരുന്നു.

### യു.ജി പ്രവേശനം- എലിജിബിലിറ്റി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാം

സർവകലാശാലയുടെ 2020-21 ബിരുദ പ്രവേശനത്തിന് അപേക്ഷിക്കുന്ന കേരള സ്റ്റേറ്റ് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ എന്നിവ ഒഴികെ മറ്റ് ബോർഡുകളിൽ നിന്നും പ്ലസ്ടു പാസായവർക്ക് അഡ്മിഷൻ സമയത്ത് സമർപ്പിക്കേണ്ട എലിജിബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ കോവിഡ് 19 ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ സർവകലാശാലയിൽ തപാൽ വഴിയോ പാളയം ഓഫീസിൽ നേരിട്ടോ സമർപ്പിക്കാം. അപേക്ഷാ ഫോം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ അപേക്ഷാഫോമിനു പുറമേ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയുടെ മാർക്ക്‌ലിസ്റ്റുകൾ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്/കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ സഹിതം അയയ്ക്കേണ്ടതാണ്. 30/- രൂപയുടെ പോസ്റ്റേജ് സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസം രേഖപ്പെടുത്തിയ എൻവെലപ്പും ഇതിനോടൊപ്പം അയയ്ക്കേണ്ടതാണ്. അപേക്ഷാഫീസായ 235/- രൂപ സർവകലാശാലയുടെ ഓൺലൈൻ പേയ്മെന്റ് പോർട്ടൽ വഴി ഒടുക്കാവുന്നതാണ്. അപേക്ഷകന്റെ മുഴുവൻ മേൽവിലാസം, പിൻകോഡ്, മൊബൈൽ ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവ കൃത്യമായും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൾ രജിസ്ട്രാർ, കേരള സർവകലാശാല എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. **'Application for Eligibility Certificate'** എന്ന് എൻവെലപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
24.07.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098